ഫോൺ : 04935 256236

9001:2015

# തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്

ഒരു ISO 9001:2015 സ്ഥാപനം

തലപ്പുഴ പോസ്റ്റ്, മാനന്തവാടി, വയനാട് – 670644

e-mail : thavinhalgpo@gmail.com

ജെ.സി.1 – 8070/23 തിയ്യതി- 28/12/2023

പ്രേഷകൻ

സെക്രട്ടറി

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

ഗ്രാഹകൻ

ഈന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.

വിഷയം - തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് - നവകേരള സദസ്സ് – പരാതി മറുപടി അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന - ശ്രീ.നൌഫൽ, ഓടപ്പുറം വീട്, ചിറക്കര എന്നവർ നവകേരള സദസ്സിൽ 3564/23 ഡോക്കറ്റ് നമ്പർ പ്രകാരം സമർപ്പിച്ച പരാതി.

മേൽ സൂചനയിലേക്കും വിഷയത്തിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിൽ വാർഡ് 7ൽ താമസക്കാരനായ ശ്രീ.നൌഫൽ, ഓടപ്പുറം വീട്, എന്നവർ കെട്ടിട നമ്പർ അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

അപേക്ഷകനുമായി നേരിട്ട് ബന്ധപ്പെട്ടതിൽ ടിയാന്റെ ആധാരം, നികുതി രസീത്, എന്നിവ പ്രകാരം അപേക്ഷകന്റെ കൈവശമുള്ളത് 04.05 ആർ അളവിലുള്ള സ്ഥലമാണ്. ടി സ്ഥലം തവിഞ്ഞാൽ വില്ലേജിലെ 40ബി എന്ന സർവ്വേ നമ്പറിൽ (പുതിയ സർവ്വേ നമ്പർ - 40/3, 40/14) ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ആധാരം, നികുതി രസീതി എന്നിവ പ്രകാരം നിലമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ നിന്നും 45 സർവ്വെ നമ്പർ ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കാണുന്നു. 45 സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിലെ സബ് ഡിവിഷൻ നമ്പറുകളാണ് 40/3, 40/14. ആയതിനാൽ ടി ഭൂമിയും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണ്.

ഈ സാഹചര്യത്തിൽ ബഹു. മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസർ മുഖാന്തിരം ഡാറ്റാ ബാങ്കിൽ നിന്ന് നീക്കം ചെയ്യുന്നതിന്/തരം മാറ്റുന്നതിന് അപേക്ഷ നൽകുന്നതിനും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നമ്പറിനായി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷകന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അങ്ങയുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

GRAMA PANCHAYATH OFFICE
P.O THALAPPUZHA

SECRETARY
THAVINHAL GRAMA PANCHAYATH
P.O THALAPPUZHA